## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1906 12.02.2013-ൽ മറുപടിക്ക്

## സേവനാവകാശ നിയമം

| ചോദ്യം | മറുപടി |
|---|---|
| **ഡോ. ടി.എം.തോമസ് ഐസക്** | **ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി** |

(എ) സേവനാവകാശ നിയമത്തിലെ 3-ാം വകുപ്പ് നിഷ്കർഷിക്കുന്നതുപോലെ നിയമം പ്രാബല്യത്തിൽ വന്ന് ആറു മാസത്തിനുള്ളിൽ എത്ര സർക്കാർ വകുപ്പുകൾ അവരവർ നൽകാനുദ്ദേശി ക്കുന്ന സേവനങ്ങളെ സംബന്ധിച്ചുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഏതെല്ലാം വകുപ്പുകളാണ് പ്രസ്തുത നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനുള്ളതെന്ന് അറിയിക്കുമോ ?

(എ) & (ബി) 2012 നവംബർ ഒന്നാം തീയതി മുതൽ സേവനാവകാശ നിയമം നിലവിൽ വന്നിട്ടുണ്ട്. ഇതുവരെ 19 വകുപ്പുകൾ/സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

1 വനം-വന്യജീവി വകുപ്പ്
2 ട്രഷറി വകുപ്പ്
3 കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ
4 പട്ടികജാതി വികസന വകുപ്പ്, സെക്രട്ടേറിയേറ്റ്
5 പട്ടികജാതി വികസന വകുപ്പിനു കീഴിലെ സ്ക്രൂട്ടിനി കമ്മിറ്റി
6 പട്ടിക ജാതി വികസന വകുപ്പ്
7 പട്ടിക ജാതി - പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ
8 എക്സൈസ് വകുപ്പ്
9 ലോട്ടറി വകുപ്പ്
10 രജിസ്ട്രേഷൻ വകുപ്പ്
11 വാണിജ്യ നികുതി വകുപ്പ്
12 സ്വാതന്ത്ര്യസമര സേനാനി പെൻഷൻ വകുപ്പ്, സെക്രട്ടേറിയറ്റ്.
13 സൈനിക ക്ഷേമ വകുപ്പ്
14 സിവിൽ സപ്ലൈസ് വകുപ്പ്
15 പോലീസ് വകുപ്പ്
16 ആഭ്യന്തര (അറ്റസ്റ്റേഷൻ) വകുപ്പ്, സെക്രട്ടേറിയറ്റ്.

17 വിവര സാങ്കേതിക വകുപ്പ്,
സെക്രട്ടേറിയറ്റ്.

18 റവന്യൂ വകുപ്പ്

19 കോളേജ് വിദ്യാഭ്യാസ വകുപ്പ്.

എന്നീ 19 വകുപ്പുകൾ/സ്ഥാപനങ്ങൾ ഒഴികെയുള്ളവർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനുണ്ട്.

23.11.2012 - ലെ സർക്കുലർ നമ്പർ. 21145/AR12(1)/12/ഉ.ഭ.പ.വ. പ്രകാരവും, 20.12.2012-ലെ സർക്കുലർ നമ്പർ. 14944/AR.12(1)/12/ഉ.ഭ.പ.വ. പ്രകാരവും ഇനിയും ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കാത്ത എല്ലാ വകുപ്പുകളോടും/ സ്ഥാപനങ്ങളോടും സേവനാവകാശ നിയമം 2(g) വകുപ്പിന്റെ പരിധിയിൽപ്പെട്ട സേവനങ്ങൾ, ടി നിയമം 3-ാം വകുപ്പ് പ്രകാരം അടിയന്തിരമായി ഗസറ്റ് വിജ്ഞാപനം ചെയ്യുന്നതിനായി നിർദ്ദേശിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ